പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1161 30.09.2016-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള ഭൂമി

**ചോദ്യം**

ശ്രീ. കെ.എം.ഷാജി

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ 4936/TC4/65/PW dated 12.3.1965 പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് കൈമാറിക്കിട്ടിയ മൊത്തം ഭൂമിയുടെ വിസ്തീർണ്ണം എത്രയായിരുന്നു; അതിൽ എത്ര ഭൂമി ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ കൈവശമുണ്ട് എന്ന് വിശദമാക്കുമോ; | (എ) | സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ 4936/TC4/65/PW dtd:12/03/1965 പ്രകാരം ഏതൊക്കെ സ്ഥലങ്ങളാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് കൈമാറി കിട്ടിയതെന്ന് ടി നോട്ടിഫിക്കേഷനിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ കെ.എസ്.ആർ.ടി.സിയുടെ കൈവശമുള്ള സ്ഥലങ്ങളുടെ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈയ്യേറിയ കെ.എസ്.ആർ.ടി.സി.യുടെ ഭൂമി എവിടെയെല്ലാമാണെന്നും ഓരോ സ്ഥലത്തും എത്ര ഭൂമി കൈയ്യേറിയെന്നും, ആ സ്ഥലത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയെന്നും വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സിയുടെ തിരുവനന്തപുരം ജില്ലയിലെ പാച്ചല്ലൂർ (1.67 സെന്റ്), ആറ്റിങ്ങൽ (3.5 സെന്റ്), ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി (10 സെന്റ്), വയനാട് ജില്ലയിലെ കൽപ്പറ്റ (36 സെന്റ്), ഇടുക്കി ജില്ലയിലെ ദേവികുളം (20 സെന്റ്) എന്നിവിടങ്ങളിൽ സ്വകാര്യവ്യക്തികളുടെ കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഓരോ സ്ഥലത്തെയും കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടത് എന്നാണെന്നും, ഒഴിപ്പിക്കൽ നടപടിക്ക് ജില്ലാ ഭരണകൂടത്തെ സമീപിച്ചത് എന്നാണെന്നും അറിയിക്കുമോ; ജില്ലാ കളക്ടർമാർക്കുള്ള കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | ഈ സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സിയ്ക്ക് കൈമാറി കിട്ടുന്നതിന് മുൻപാണ് അവിടെ കൈയ്യേറ്റങ്ങൾ നടന്നിരിക്കുന്നത് എന്ന് അന്വേഷണത്തിൽ നിന്നും അറിയുവാൻ കഴിഞ്ഞു. കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ട വേളകളിൽ തന്നെ അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കിഴക്കേകോട്ട ബസ് സ്റ്റാൻഡ് ഉൾപ്പെടുന്ന സ്ഥലം ഒഴിപ്പിച്ച് കിട്ടുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് അയച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.)<br>പാച്ചല്ലൂർ വെയിറ്റിംഗ് ഷെഡ്ഡിരിക്കുന്ന സ്ഥലത്തിന്റെ അതിർത്തി പുനർ നിർണ്ണയിക്കുന്നതിന് താലൂക്ക് സർവേയറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>ആറ്റിങ്ങൽ യൂണിറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം സംബന്ധിച്ച് റീസർവ്വേ കോറിലേഷൻ / ബി.റ്റി.ആർ. എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു.)<br>തോട്ടപ്പള്ളി സ്ഥലത്തെ അതിരുകൾ ശരിയാക്കുന്നതിനായി തഹസീൽദാർക്ക് അപേക്ഷ നൽകുകയും എത്രയും പെട്ടെന്ന് മതിൽ കെട്ടി സംരക്ഷിക്കുവാൻ നടപടി സ്വീകരിച്ച് വരികയുമാണ്.<br>കൽപ്പറ്റയിലെ സ്ഥലത്തിന്റെയും ദേവികുളത്തെ സ്ഥലത്തിന്റെയും അതിർത്തികൾ താലൂക്ക് സർവേയർ മുഖാന്തിരം നിർണ്ണയിച്ച് മതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്